അന്തിമ അനുമതി നേടുന്നതിന് ഊർജ്ജശ്രമങ്ങൾ സർക്കാർ നടത്തി വരുന്നു.

(സി) ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കുവേണ്ടി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള ജല വൈദ്യുതപദ്ധതികളുടെ അംഗീകാരം നേടിയെടുക്കുന്നതിലേക്കായി - കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണമുള്ള പഠനങ്ങൾ വൈദ്യുതി ബോർഡ് നടത്തുകയും. കുരിയാർകുട്ടി -കാരപ്പാറ പദ്ധതി, ആതിരപ്പിള്ളി പദ്ധതി എന്നിവയുടെ ഇത്തരത്തിലുള്ള പഠനറിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കുറ്റിയാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിക്കുവേണ്ടിയുള്ള പരിസ്ഥിതി പ്രത്യാഘാത പഠനം ഇപ്പോൾ നടത്തിവരുന്നു.

ചെങ്കുളം ആഗ്മെന്റേഷൻ പദ്ധതിയുടെ അനുമതിക്കായി സംസ്ഥാന ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റിയുടെ ശുപാർശ സംസ്ഥാന ഗവൺമെന്റ് 30.10.99 ന് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പൂയം കുട്ടി പദ്ധതിക്കു വനം പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച ബദ്കർണി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള പഠനങ്ങൾ നടത്തിവരുന്നു. ഇതിനുപുറമേ സംസ്ഥാന മുഖ്യമന്ത്രിയും വൈദ്യുതിവകുപ്പുമന്ത്രിയും കേന്ദ്ര സർക്കാരിൽ പദ്ധതി അനുമതിക്കായി നിവേദനങ്ങളിലൂടെയും നേരിട്ടും സമ്മർദ്ദം ചെലുത്തിയിരുന്നു.

(ഇ) കേന്ദ്രാനുമതി ലഭിച്ച ആതിരപ്പിള്ളി പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

53 (1898) മിനി ജല വൈദ്യുത പദ്ധതികൾ

ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.ബാബു :
ശ്രീ. വി. ബാലറാം :
ശ്രീ. കെ.സി.ജോസഫ്:
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥാപിക്കാൻ കഴിയുന്ന മിനി ജലവൈദ്യുത പദ്ധതികളെപ്പറ്റി എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് ലാഭകരമായി നടത്തുവാൻ കഴിയുന്ന മിനി ജല വൈദ്യുത പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 615 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഏകദേശം 132 ചെറുകിട ജലവൈദ്യുതപദ്ധതികൾ ഇതുവരെ കണ്ടെത്തിയിട്ടുണ്ട്.

(സി)&(ഡി) കൂടുതൽ ലാഭകരമായതും പരിസ്ഥിതി - വനം വകുപ്പുകളുടെ അനുമതി എളുപ്പം ലഭിക്കാൻ സാധ്യതയുള്ളതും, കുടിയൊഴിപ്പിക്കൽ ആവശ്യമില്ലാത്തതുമായ പദ്ധതികൾക്ക് മുൻഗണന നൽകികൊണ്ട്, മേൽപറഞ്ഞ എല്ലാ പദ്ധതികളും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

54 (1900) എടരിക്കോട് വൈദ്യുതി നിലയം

ശ്രീ. എം. കെ. മുനീർ :
ശ്രീ. പി.കെ.കെ. ബാവ:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടരിക്കോട് വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നടപടികൾ ഊർജ്ജിതപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)എടരിക്കോട് വൈദ്യുതി നിലയത്തിന്റെ നിർമ്മാണം വൈദ്യുതി ബോർഡ് പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയെ (കെൽ) യാണ് ഏൽപ്പിച്ചിരിക്കുന്നത്. ഡീസൽ ഇന്ധനമായ ഈ നിലയത്തിന്റെ നിർമ്മാണപ്രവർത്തനം നടന്നുവരുന്നതിനിടയിൽ, വൈദ്യുതി ഉല്പാദനത്തിന് ഡീസൽ ഉപയോഗിക്കുന്നത് കേന്ദ്ര സർക്കാർ നിരോധിച്ചു. ഇതേ തുടർന്ന് നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടി വന്നു ഇപ്പോൾ കേന്ദ്ര സർക്കാർ നിരോധനം നീക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

55 (1901) സൗരോർജ്ജ വൈദ്യുതി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജംവഴി വൈദ്യുതി വിതരണം നടത്തിയതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly